പെൻഷൻ കുടിശ്ശിക

*59 [59] ശ്രീ. എം. എം. ഹസ്സൻ:
,, ജി. കാർത്തികേയൻ:
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:
,, പി. പി. തങ്കച്ചൻ:
,, മണിമംഗലത്ത് കുട്ട്യാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നീ ഇനങ്ങളിൽ എത്ര കുടിശ്ശിക കൊടുത്തു തീർക്കാനുണ്ട്;

(ബി) അവ എപ്പോൾ കൊടുത്തു തീർക്കാമെന്ന് വ്യക്തമാക്കാമോ ?

ധനകാര്യവകുപ്പ് മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ)(ബി) വിധവാ പെൻഷൻ. വികലാംഗ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവ മാർച്ച് അവസാനം വരെയുള്ള റിപ്പോർട്ടുകൾ പ്രകാരം മിക്കവാറും എല്ലാ താലൂക്കുകളിലും 2/86 വരെ കൊടുത്തിട്ടുണ്ട്. പൂർണ്ണ ബഡ്ജറ്റ് പാസ്സായാലുടനെ കുടിശ്ശികയൊന്നും ബാക്കിയാക്കാതെ മുഴുവൻ കൊടുത്തു തീർക്കാൻ സാധിക്കും. കർഷക തൊഴിലാളി പെൻഷൻ ഇനത്തിൽ 31-3-1986 വരെ 4.29 കോടി രൂപ കൊടുത്തു തീർക്കേണ്ടതായിട്ടുണ്ട്. 1986 ജൂലൈ 15-ാം തീയതിക്കകം ഇത് കൊടുത്ത് തീർക്കാൻ സാധിക്കുന്നതാണ്.

വെളിച്ച വിപ്ലവ പദ്ധതി

*60 [60] ശ്രീമതി. പി. ദേവൂട്ടി:
ശ്രീ. ടി. കെ. അബ്ദു:
,, സി. ടി. കൃഷ്ണൻ:
,, ലോനപ്പൻ നമ്പാടൻ:
,, വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-86ൽ വെളിച്ച വിപ്ലവ പദ്ധതി പ്രകാരം എത്ര വൈദ്യുതി കണക്ഷൻ കൊടുത്തിട്ടുണ്ട്;

(ബി) വെളിച്ച വിപ്ലവം നടപ്പിലാക്കിയതുമൂലം നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയ കൂടുതൽ പരിപാടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിന്റെ ഈ വർഷത്തേയ്ക്കുള്ള ടാർജറ്റ് എത്രയാണ്;

(ഡി) പ്രസ്തുത പദ്ധതി തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ ?

വിദ്യുച്ഛക്തി വകുപ്പ് മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) 57,819 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) (ഡി) ഈ സാമ്പത്തിക വർഷം 2,00,000 വൈദ്യുതി കണക്ഷനുകളും നൽകാൻ വിഭാവനം ചെയ്തിട്ടുണ്ട്.

കാർഷിക പരിശീലന കേന്ദ്രങ്ങൾ

*61 [61] ശ്രീ. പി. വി. മുഹമ്മദ്:
,, പി. സീതിഹാജി:
,, പി. കെ. കെ. ബാവ:
,, പി. എം. അബൂബേക്കർ:
,, സി. ടി. അഹമ്മദ് അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര കാർഷിക പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) അവ ഏതെല്ലാം ജില്ലകളിലാണ്;

(സി) ഇവയിൽ ഏതെങ്കിലും കേന്ദ്രത്തിന്റെ പ്രവർത്തനം നിറുത്തി വെയ്ക്കാനാലോചനയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം?

കൃഷി വകുപ്പ് മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) മൂന്ന്

(ബി) കൊല്ലം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ.

(സി), (ഡി) ഉണ്ട്. വിശദാംശങ്ങൾ പരിശോധിച്ച് വരികയാണ്.

റേഷൻ മൊത്ത വിതരണ രംഗത്തെ ഏജൻസികൾ

*62 [62] ശ്രീ. കെ. പി. അരവിന്ദാക്ഷൻ:
,, ഇ. പത്മനാഭൻ:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, പി. വി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റേഷൻ മൊത്ത വിതരണ രംഗത്ത് എത്ര സഹകരണ സംഘങ്ങളും എത്ര സ്വകാര്യ വ്യക്തികളും പ്രവർത്തിക്കുന്നുണ്ട്;

(ബി) 1985-86 വർഷത്തിൽ എത്ര സ്വകാര്യ വ്യക്തികൾക്ക് റേഷൻ മൊത്ത വിതരണ ലൈസൻസ് നൽകിയിട്ടുണ്ട്;

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[നക്ഷത്രചിഹ്നമിട്ട ചോദ്യംനമ്പർ 60 (60) കാണുക]

ഏതാണ്ട് ഒരു ലക്ഷത്തിൽപരം അപേക്ഷകർക്ക് കണക്ഷൻ നൽകാനുണ്ടായിരുന്നതിനാൽ 1985 നവംബർ 1-ാം തീയതി മുതൽ 1986 മാർച്ച് 31 വരെയുള്ള കാലഘട്ടത്തിൽ ചെയ്തുതീർക്കത്തക്ക രീതിയിൽ ബോർഡ് ആസൂത്രണം ചെയ്ത ഒരു പരിപാടിയാണ് വെളിച്ചവിപ്ലവം. ഇതനുസരിച്ച് 1985 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള പോസ്റ്റുകാലും ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും, 1984 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള പോസ്റ്റുകളും ആവശ്യമുള്ള കണക്ഷനുകളും, ലൈൻ വലിച്ചു കണക്ഷൻ ലഭിക്കുന്നതിന് 1981 മാർച്ച് 31 വരെ മിനിമം ഗ്യാരണ്ടി എഗ്രിമെന്റു വച്ചിരുന്ന കണക്ഷനുകളും, കൃഷിക്കും, വ്യവസായത്തിനും രജിസ്റ്റർ ചെയ്തിരുന്ന എല്ലാ കണക്ഷനുകളും ഉടനെ നൽകാനുമാണ് വിഭാവനം ചെയ്തിരുന്നത്. കൂടാതെ ഹരിജൻ/ഗിരിജൻ കോളനി വൈദ്യുതീകരണം ത്വരിതപ്പെടുത്തുവാനും നിശ്ചയിച്ചിരുന്നു.

ഇതനുസരിച്ചു സംസ്ഥാനത്തൊട്ടാകെ ചെയ്തു തീർത്ത ജോലികളുടെ വിവരം താഴെ ചേർക്കുന്നു:—

1.	1985 മാർച്ചു 31 വരെ രജിസ്റ്റർ ചെയ്ത പോസ്റ്റുകളും ഇല്ലാതെ കൊടുത്ത കണക്ഷനുകളും	— 40,660	എണ്ണം
2.	1984 മാർച്ചു 31 വരെ രജിസ്റ്റർ ചെയ്ത് പോസ്റ്റിട്ടുകൊടുത്ത കണക്ഷനുകളും	— 12,041	എണ്ണം
3.	1981 മാർച്ചു 31 വരെ മിനിമം ഗ്യാരണ്ടി എഗ്രിമെൻറുവച്ചു ജോലികളിൽ പൂർത്തിയാക്കിയവ	— 1,113	എണ്ണം
4.	കാർഷികാവശ്യത്തിനുള്ളവ	— 4,541	എണ്ണം
5.	വ്യാവസായികാവശ്യത്തിനുള്ളവ	— 577	എണ്ണം
6.	വൈദ്യുതീകരിച്ച ഹരിജൻ കോളനികളും	— 559	എണ്ണം
7.	വൈദ്യുതീകരിച്ച ഗിരിജൻ കോളനികളും	— 30	എണ്ണം

LIBRARY ARCHIVES Kerala Legislative Assembly